(എ) കേരളത്തിന് പുറത്തുനിന്നും ബോട്ടിലിംഗ് കഴിഞ്ഞുവരുന്ന എൽ.പി.ജി. ഗ്യാസ് സിലിണ്ടറുകൾക്ക് ഇപ്പോൾ ചുമത്തുന്ന എൻട്രി ടാക്സ് കേരള സർക്കാർ ചുമത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇത് കേരളത്തിലെ എൽ.പി.ജി. റീഫിൽ സപ്ലൈക്ക് ദോഷം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോയമ്പത്തൂരിലേക്കും മാംഗ്ലൂരിലേക്കും റീഫിൽ ബോട്ടിലിംഗ് യൂണിറ്റുകളുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ റീഫിൽ സിലിണ്ടറുകൾക്ക് ഇത്തരത്തിൽ നിലവിലുള്ള എൻട്രി ടാക്സ് പിൻവലിക്കുന്നതിന് നടപടികൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) എൽ.പി.ജി ഗ്യാസിന് സംസ്ഥാനത്ത് എൻട്രി ടാക്സ് ചുമത്തുന്നില്ല.

39 (1488) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾക്ക് നികുതിയിളവ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിന് അനുപേക്ഷണീയമായ നൈലോൺ, സിന്തറ്റിക്, പരുത്തിവലകളേയും വടം, ചൂണ്ട, ഫ്ളോട്ട്, സിങ്കർ എന്നിവയേയും മനുഷ്യനിർമ്മിതവസ്തുക്കൾ എന്ന നിർവചനത്തിൽപ്പെടുത്തുകയും വില്പന നികുതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശോച്യാവസ്ഥ പരിഗണിച്ച് അവയേയും തടികൊണ്ട് നിർമ്മിച്ച മത്സ്യബന്ധനയാനങ്ങളേയും വില്പനനികുതിയിൽ നിന്ന് ഒഴിവാക്കുകയോ സെയിൽസ് ടാക്സ് റൂൾസ് എൻട്രി 89 പ്രകാരം നികുതിനിരക്ക് നാമമാത്രമായി ചുരുക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) മത്സ്യബന്ധന ഉപകരണങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മത്സ്യഫെഡ് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

40 (1489) സ്വകാര്യ ചിട്ടികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യചിട്ടി നടത്തിപ്പുകാർ പൊതുജനങ്ങളെ കബളിപ്പിച്ച് ചിട്ടിസ്ഥാപനങ്ങൾ പൂട്ടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയ വരുമാനശ്രേണിയിലുള്ള വ്യാപാരികൾക്ക് ദിവസേന പണമടയ്ക്കാവുന്ന ചിട്ടികളാരംഭിക്കാനും, ചിട്ടിതവണകൾ ഇവരുടെ സ്ഥാപനങ്ങളിൽ ചെന്ന് പിരിച്ചെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാനും കഴിയുന്നതരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly